## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടി

തീയതി, തിരുവനന്തപുരം, 2/11/2012

വിഷയം:- ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് - ജീവനക്കാര്യം - റിസർച്ച് ആഫീസർ തസ്തികയിൽ സ്ഥലംമാറ്റം / സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) 7/07/2012 ലെ ഇ.എ(2) 34437/2010/ഡിഇഎസ് നമ്പർ വിജ്ഞാപനം
2) ഈ ആഫീസിലെ 22/09/2012 ലെ ഇതേ നമ്പർ ഉത്തരവ്
3) 26/02/2011 ലെ ജി.ഒ(പി) നമ്പർ.85/2011/ഫിൻ. നമ്പർ സർക്കാർ ഉത്തരവ്.
4) 20/02/2009 ലെ ജി.ഒ(പി) നമ്പർ.10/2009/പ്ളാനിംഗ് നമ്പർ സർക്കാർ ഉത്തരവ്.

### ഉത്തരവ് നമ്പർ.ഇബി(1) 1115/2009/ഡിഇഎസ്

ഈ വകുപ്പിൽ റിസർച്ച് ആഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന താഴെ പറയുന്ന സ്ഥലംമാറ്റം ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോഴത്തെ ആഫീസും | മാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1 | ശ്രീ.കെ.ആർ.രഘുരാജൻ<br>റിസർച്ച് ആഫീസർ,<br>ലേബർ കമ്മീഷണറേറ്റ്,<br>തിരുവനന്തപുരം<br>(അപേക്ഷ പ്രകാരം) | റിസർച്ച് ആഫീസർ,<br>ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,<br>ജില്ലാ ആഫീസ്, എറണാകുളം<br>(ശ്രീ.കെ.എൻ.സദാശിവന് ഉദ്യോഗക്കയറ്റം നൽകിയ ഒഴിവ്) |
| 2 | ശ്രീ.ടി.വി.ജോണി,<br>റിസർച്ച് ആഫീസർ,<br>ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം<br>(അപേക്ഷ പ്രകാരം) | റിസർച്ച് ആഫീസർ,<br>ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,<br>ജില്ലാ ആഫീസ്, ആലപ്പുഴ<br>(ശ്രീ.എസ്.സുരേഷ്കുമാറിന് ഉദ്യോഗക്കയറ്റം നൽകിയ ഒഴിവ്) |

സ്ഥലംമാറ്റപ്പെട്ടവരിൽ ഒരേ സ്റ്റേഷനിൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കാത്ത വർക്ക് അവരുടെ അപേക്ഷപ്രകാരമുള്ള മാറ്റമാകയാൽ യാത്രാപ്പടിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നിയമാനുസൃതമായ പ്രവേശനകാലത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

പരാമർശം (1) പ്രകാരം റിസർച്ച് ആഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് സെലക്ട് ലിസ്റ്റിൽ നിലവിൽ സീനിയറായ നാല് ഉദ്യോഗസ്ഥർക്ക് (ക്രമ നമ്പർ 7 മുതൽ 10 വരെ) 19240-500-21240-560-24040-620-27140-680-29860-750-32860-820-34500/- രൂപാ ശമ്പള സ്കെയിലിൽ റിസർച്ച് ആഫീസർ തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോഴത്തെ ആഫീസും | മാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1 | ശ്രീ.ആർ.രവീന്ദ്രൻപിള്ള,<br>എക്സ്റ്റൻഷൻ ആഫീസർ (പി &എം),<br>ബ്ളോക്ക് ഡവലപ്പ്മെന്റ് ആഫീസ്,<br>ചടയമംഗലം | റിസർച്ച് ആഫീസർ,<br>ലേബർ കമ്മീഷണറേറ്റ്,<br>തിരുവനന്തപുരം<br>(ശ്രീ.കെ.ആർ.രഘുരാജന് സ്ഥലംമാറ്റം നൽകിയ ഒഴിവ്) |
| 2 | ശ്രീ.രാജേന്ദ്രൻ കുറ്റിക്കാട്,<br>റിസർച്ച് അസിസ്റ്റന്റ്,<br>ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,<br>തിരുവനന്തപുരം | റിസർച്ച് ആഫീസർ,<br>ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം<br>(ശ്രീ.അബ്ദുൽ കരീം സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവ്) |

| | | |
|---|---|---|
| 3) | ശ്രീമതി.പ്രീത.ആർ,<br>റിസർച്ച് അസിസ്റ്റന്റ്,<br>ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,<br>തിരുവനന്തപുരം | റിസർച്ച് ആഫീസർ,<br>ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം<br>(ശ്രീ.ടി.വി.ജോണിയ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവ്) |
| 4) | ശ്രീമതി.എ.പി.സുജാത,<br>എക്സ്റ്റൻഷൻ ആഫീസർ (പി &എം),<br>ബ്ളോക്ക് ഡവലപ്പ്മെന്റ് ആഫീസ്,<br>മൂവാറ്റുപുഴ | റിസർച്ച് ആഫീസർ,<br>ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,<br>ജില്ലാ ആഫീസ്, വയനാട് (ശ്രീ.ടി.ഒ.റെയ്മണ്ട് ഉദ്യോഗക്കയറ്റം നൽകിയ ഒഴിവ്) |

സ്ഥലംമാറ്റം / ഉദ്യോഗക്കയറ്റം ലഭിച്ചവർ ഉദ്യോഗക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട ഓപ്ഷൻ പരാമർശം (3) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 41 പ്രകാരം ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ആഫീസ് മേധാവികൾ ഉദ്യോഗക്കയറ്റം വഴി നിയമനം നൽകിയിട്ടുള്ള ജീവനക്കാരെ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിലോ, പകരം ജീവനക്കാർ ജോലിക്ക് ഹാജരാകുകയോ ഏതാണോ ആദ്യം എന്ന മുറക്ക് വിടുതൽ ചെയ്യേണ്ടതാണ്. കൂടാതെ ജീവനക്കാരെ വിടുതൽ ചെയ്യുന്നതും / ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
വി.രാമചന്ദ്രൻ
ഡയറക്ടർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയന്ത്രണാധികാരി മുഖേന)
പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ), കേരള തിരുവനന്തപുരം (ആമുഖകത്ത് സഹിതം).
2) പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം).
3) ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്, തിരുവനന്തപുരം
4) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, ആലപ്പുഴ / എറണാകുളം / വയനാട്.
5) എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും
6) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്).
7) ബ്ളോക്ക് ഡവലപ്പ്മെന്റ് ആഫീസർ, ബ്ളോക്ക് ഡവലപ്പ്മെന്റ് ആഫീസ്, ചടയമംഗലം /മൂവാറ്റുപുഴ
8) ബന്ധപ്പെട്ട ട്രഷറി ആഫീസർക്ക്.
9) എല്ലാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർക്കും / സി.എ. മാർക്കും.
10) ഇ.എ(2) /ഇ.ബി(2) /ബഡ്ജറ്റ് /ഗ്രഡേഷൻ സെൽ / അക്കൗണ്ട്സ്.
11) ഫയൽ / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)